പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4943

01.07.2013-ൽ മറുപടിക്ക്

## കേരളാ ഫിഷറീസ് & ഓഷ്യൻ സയൻസ് സർവ്വകലാശാല

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.വി.വിജയദാസ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കേരളാ ഫിഷറീസ് & ഓഷ്യൻ സയൻസ് സർവ്വകലാശാലയുടെ ആസ്ഥാനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; | (എ) | എറണാകുളം ജില്ലയിൽ കുമ്പളം പഞ്ചായത്തിൽ ഉൾപ്പെടുന്ന പനങ്ങാട് പ്രദേശത്തെ മാടവന എന്ന സ്ഥലത്താണ് കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ് സർവ്വകലാശാലയുടെ ആസ്ഥാനം. |
| (ബി) | പ്രസ്തുത സർവ്വകലാശാലയുടെ പ്രവർത്തന മേഖല വിശദമാക്കുമോ ; | (ബി) | കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല ഫിഷറീസുമായും സമുദ്ര പഠനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദ, ബിരുദാനന്തര കോഴ്സുകൾക്കു പുറമെ ഗവേഷ ണങ്ങൾക്കും, വിജ്ഞാന വ്യാപനത്തിനും നേതൃത്വം നൽകി വരുന്നു.<br>കർഷകർക്ക് മത്സ്യകൃഷിയുമായി ബന്ധപ്പെട്ട വിവിധ പരിശീലന പരിപാടികളും നടപ്പിലാക്കി വരുന്നു. വിവിധയിനം മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപാദനവും വിൽപനയും ഈ സർവ്വകലാശാലയിൽ നടന്നു വരുന്നു. ഇന്ത്യയിലെയും വിദേശത്തെയും ഫിഷറീസ്/സമുദ്ര പഠന മേഖലയുമായി ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങളുമായി സഹകരിച്ച് പഠനവും ഗവേഷണവും നടത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. കേരളത്തിലെയും ഇന്ത്യയിലെയും മറ്റു സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിവിധ ഗവേഷണ പദ്ധതികൾ ഈ സർവ്വകലാ ശാലയിലെ ശാസ്ത്രജ്ഞർ ഏറ്റെടുത്തു നടത്തി വരുന്നു. ഇതു കൂടാതെ വിവിധയിനം അലങ്കാര മത്സ്യങ്ങൾ ഉൾപ്പെട്ട ഒരു മ്യൂസിയം പ്രവർത്തിച്ചുവരുന്നു. |
| (സി) | എന്തെല്ലാം കോഴ്സുകളാണ് ഇവിടെ നടത്തി വരുന്നത്; പ്രസ്തുത സർവ്വകലാശാലയുടെ 'പ്രോസ്പെക്ടസ്' ന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ ? | (സി) | 4 വർഷത്തെ B.FSc., 2 വർഷത്തെ M.Sc., M.FSc., MBA കോഴ്സുകൾ ഈ സർവ്വകലാശാലയിൽ നടന്നു വരുന്നു. പ്രോസ്പെക്ടസിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ